>> കവർസ്റ്റോറി

**സമീർ വടുതല**




> **കമ്യൂണിസ്റ്റ് ആചാര്യന്മാർ ഭൗതികവാദത്തിന്റെ മുഴക്കോലു കൊണ്ട് മനുഷ്യനെയും പ്രപഞ്ചത്തെയും ചരിത്രത്തെയും അളന്നപ്പോൾ കുരുടൻ ആനയെ കണ്ട പോലായി അനുഭവം. എല്ലാ ധാർമിക, സദാചാര മൂല്യങ്ങളെയും പിന്തിരിപ്പനായി മുദ്രകുത്തിയവർ സമ്പത്ത് പൂർണമായും സ്റ്റേറ്റിന്റേതാണെന്ന് പ്രഖ്യാപിച്ചു. വ്യക്തിയുടെ ഉടമാവകാശത്തെ അഥവാ മനുഷ്യ പ്രകൃതിയെ നിഷേധിച്ചു. ചരിത്രത്തെ വർഗസംഘട്ടനമാക്കി ചിത്രീകരിച്ച വർ, സഹകരണമെന്ന പ്രപഞ്ചഭാവം മറന്നു.**

"**ആകാശത്തുനിന്ന്** അവൻ മഴ വർഷിച്ചു. അങ്ങനെ അതതിന്റെ തോതനുസരിച്ച് അരുവികളൊഴുകി. ജലോപരിതലത്തിൽ നുരയും പതയുമുണ്ടായി. ആഭരണങ്ങളും പാത്രങ്ങളുമുണ്ടാക്കാൻ വേണ്ടി ലോഹമുരുക്കുന്ന തീയിലും ഇതുപോലെ നുരയുണ്ടാകും. സത്യവും മിഥ്യയും ഇതുപോലെ അല്ലാഹു ഉദാഹരിക്കുന്നു. നുരകൾ പെട്ടെന്ന് മായുന്നു. മനുഷ്യർക്ക് പ്രയോജനമുള്ളത് ഭൂമിയിൽ അവശേഷിക്കുന്നു. ഇങ്ങനെയാണ് അല്ലാഹു കാര്യങ്ങളെ ഉദാഹരിക്കുന്നത്" (ഖുർആൻ13: 17).

* * *

ദർശനങ്ങളോരോന്നും ഭൂമിയിൽ ഇതൾ വിരിയുന്നത് മനുഷ്യരിലൂടെയാണ്. അഥവാ എല്ലാ അന്വേഷണങ്ങളുടെയും കേന്ദ്രബിന്ദു മനുഷ്യനാണ്. അതിനാൽ ദർശനങ്ങളുടെ നേരും കരുത്തുമറിയാൻ അവ നിർമിച്ചെടുത്ത മനുഷ്യ മാതൃകകൾ നോക്കിയാൽ മതിയാകും. വാക്കുകളേക്കാൾ വാചാലമാണല്ലോ ജീവിതങ്ങൾ. ഭൂമിയിൽ അധിവസിക്കുന്നത് ശാന്തചിത്തരായ മാലാഖമാരായിരുന്നെങ്കിൽ, മാലാഖയായ ഒരു ദൈവദൂതനെത്തന്നെ നിയോഗിക്കുമായിരുന്നുവെന്ന ഖുർആനിക പരാമർശം (17:95) മാതൃകകളുടെ തനിമയും അനിവാര്യതയുമാണ് വ്യക്തമാക്കുന്നത്.

വാസ്തവത്തിൽ ഭൗതികവാദങ്ങളും ദൈവികദർശനവും വഴിപിരിയുന്നത് ശാഖയിലല്ല, തായ്‌വേരിലാണ് അഥവാ മനുഷ്യനെക്കുറിച്ച കാഴ്ചപ്പാടിൽ. ഭൗതികദർശനങ്ങൾ കാലത്തിന്റെ കാറ്റേറ്റ് തകർന്നുടയുന്നതിന്റെ പിന്നിൽ ഇതുതന്നെയാണ് മുഖ്യം. ദുർബലമായ അടിത്തറമേൽ പണിതുയർത്തിയ ബഹുനില മന്ദിരം ഒരുനാൾ ശബ്ദത്തോടെ നിലംപൊത്തുമ്പോൾ അത്ഭുതപ്പെടരുത്.

## മനുഷ്യൻ

"മനുഷ്യൻ വെറുമൊരു മൃഗമല്ലാതിരിക്കാൻ എന്താണ് കാരണം? മൃഗത്തിൽനിന്ന് അവൻ അകന്നും ഉയർന്നും നിൽക്കുന്നതെങ്ങനെ? മൂല്യവിചാരം കൊണ്ട് എന്നതാണ് മനുഷ്യന്റെ മൗലിക യാഥാർഥ്യങ്ങളിലേക്ക് പ്രകാശം വീശുന്ന ഉത്തരം. ഒരു പശുവിന് തിന്നാൻ മാത്രമുള്ള പുല്ല് രണ്ട് പശുക്കൾ ഒരുമയോടെ ഭാഗിച്ച് തിന്നുകയില്ല. ഒരു മനുഷ്യന് തിന്നാനുള്ള ഭക്ഷണം രണ്ട് മനുഷ്യർ

സഹകരിച്ച് കഴിക്കുന്നു. ഇവിടെ മനുഷ്യൻ തന്റെ ജീവശാസ്ത്രപരമായ ചോദനയെ നിയന്ത്രിക്കുകയാണ്. നിയന്ത്രിക്കാതിരുന്നാൽ ശാരീരികമായി കൂടുതൽ മെച്ചം കിട്ടാനിടയുണ്ട്. എങ്കിലും മനുഷ്യൻ തന്റെ മോഹത്തിന് കടിഞ്ഞാണിടുന്നു. കൂടുതൽ വിലപ്പെട്ടതായി തോന്നിയ എന്തോ ഒന്നിനാൽ ആകർഷിക്കപ്പെട്ടാണല്ലോ ഈ നിയന്ത്രണം. ആ എന്തോ ഒന്നുണ്ടല്ലോ, അതാണ് മൂല്യം. മനുഷ്യൻ മൂല്യത്തിന്റെ തിളക്കം കാണുകയും ആ വെളിച്ചത്തിൽ പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്ത നിമിഷത്തിൽ സംസ്കാരത്തിന്റെ ആദിപുഷ്പം വിരിഞ്ഞു” (*മൂല്യങ്ങൾ*, ഇ.വി അബ്ദു). ഈ ‘മനുഷ്യത’യെ കണ്ടില്ലെന്നതത്രെ ഭൗതികവാദികൾ ചെയ്ത ആദിപാപം.

* * *

ഡാനിഷ് തത്വചിന്തകനായ സോറൻ കീർക്കെഗാർ തെരുവിലൂടെ നടക്കുമ്പോൾ ആരോ ചോദിച്ചു: ‘താങ്കൾ ആരാണ്?’ ഒരുത്തരവും പറയാനാവാതെ പതറിപ്പോയി ദാർശനികൻ. താനാരാണെന്ന പ്രശ്നത്തിന്റെ മുമ്പിലല്ലാതെ ഇങ്ങനെ പകച്ചിട്ടില്ലെന്ന് പിന്നീടദ്ദേഹം സാക്ഷ്യപ്പെടുത്തി. കീർക്കെഗാറിന്റെ പിന്മുറക്കാരാകട്ടെ, ‘അസ്തിത്വവാദ’ത്തിലൂടെ മനുഷ്യനെ നിർവചിച്ചപ്പോൾ അടിതെറ്റി വീഴുകതന്നെ ചെയ്തു.

‘വാനരൻ’ എന്നതിലെ ‘വാ’ മായ്ച്ച് ‘നരൻ’ എന്ന് ചിരിക്കുന്ന കുട്ടിയെപ്പോലെ, മനുഷ്യനെയും ജീവിതത്തെയും പ്രപഞ്ചത്തെയും വേണ്ടത്ര ഗൃഹപാഠം ചെയ്യാതെ ഭൗതികചിന്തകർ വ്യാഖ്യാനിച്ചു. മനുഷ്യനെ കേവലം പദാർഥമായി, പുരോഗമിച്ച വെറുമൊരു മൃഗമായി, ദൈവത്തെ മിഥ്യയായി, നന്മയെ കെട്ടുകഥയായി, സൃഷ്ടിവാദത്തെ പച്ചക്കള്ളമായി, പ്രപഞ്ചത്തെ അസംബന്ധമായി സാർത്രിനെപ്പോലുള്ളവർ ചിത്രീകരിച്ചു. സ്വന്തം ഇഷ്ടമനുസരിച്ച് തോന്നിയതുപോലെ ജീവിക്കാനായിരുന്നു ഈ ബുദ്ധിജീവികളുടെ ഉദ്ബോധനം. മരണാനന്തരം ജീവിതമില്ലാത്തതിനാൽ, ഒരാനന്ദവും നാളേക്ക് മാറ്റിവെക്കരുതെന്നും കഴിയുന്നത്ര സുഖിക്കാനാണ് ശ്രമിക്കേണ്ടതെന്നും, അവിടെ മൂല്യങ്ങൾ തടസ്സമായി നിന്നാൽ തട്ടിമാറ്റണമെന്നുമായിരുന്നു ‘ധീരനൂതന ലോകം’ ദുഃസ്വപ്നമാക്കിയ ആൽഡസ് ഹക്സലിമാരുടെ ഉപദേശം. ഇത്തരം ഭോഗ-ഭൗതിക വേദാന്തങ്ങൾ കലയും സാഹിത്യവും സിനിമയും സംഗീതവുമായി തലമുറകളെ ആവേശിച്ചപ്പോൾ ചരിത്രത്തിൽ എന്തു സംഭവിച്ചു? അനാശാസ്യത്തിന് പ്രലോഭിപ്പിച്ച കാമാർത്തയായ സ്ത്രീയിൽനിന്ന്, ‘ദൈവം ശരണ’മെന്ന് വിളിച്ച് ഓടിയകന്ന യൂസുഫുമാർക്കു പകരം, കാൽനൂറ്റാണ്ടോളം സ്വന്തം മകളെ കാമകേളികൾക്കിരയാക്കി ഏഴ് കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയ ഓസ്ട്രിയക്കാരൻ ജോസഫിനെപ്പോലുള്ള മനുഷ്യപിശാചുക്കൾ വളർന്നുവന്നു (*മാധ്യമം* 28.4.2008). യൂസുഫും ജോസഫും തമ്മിലുള്ള ഈ അന്തരമത്രെ ദൈവികദർശനവും ഭൗതികതയും തമ്മിലുള്ള അന്തരം.

## മുതലാളിത്തം, കമ്യൂണിസം

ദൈവചിന്തയെ മൂലക്കിരുത്തി കടന്നുവന്ന മുതലാളിത്തം, മനുഷ്യനിലെ ഭോഗപരതയെ പരമാവധി ഉദ്ദീപിപ്പിക്കുകയും സ്വാർഥത്തെ അപായകരമാംവിധം ഊതിവീർപ്പിക്കുകയും ചെയ്തു. ലാഭക്കൊതിയും ചൂഷണവ്യഗ്രതയും കൊണ്ട് സഹജീവികളുടെ സഹനസീമ തകർത്ത മുതലാളിത്തത്തിനേറ്റ തിരിച്ചടിയായിരുന്നു വാസ്തവത്തിൽ കമ്യൂണിസം (അതിനാൽ അതിന്റെ തകർച്ചയിൽ പുളകം കൊള്ളുന്നില്ല). ഭൂപ്രഭുക്കളുടെയും ജന്മിമാരുടെയും ചൂഷണങ്ങളിൽ മനം നൊന്ത സുമനസ്സുകളായിരുന്നു തൊഴിലാളി വർഗ പ്രസ്ഥാനത്തിന്റെ പിന്നിൽ. 1818-ൽ ജർമനിയിലെ ഒരു ജൂത കുടുംബത്തിൽ പിറന്ന, കാൾമാർക്സ് എന്ന മനുഷ്യസ്നേഹി ഈ ചെറുത്തുനിൽപിന്റെ മുന്നിൽ നടന്നു. കുടുംബത്തിലെ പട്ടിണി മാറ്റാൻ നിവൃത്തിയില്ലാതെ ഒരു ഘട്ടത്തിൽ, പാരമ്പര്യമായി വീട്ടിൽ സൂക്ഷിച്ച വെള്ളിക്കരണ്ടിയെടുത്ത് വിൽക്കാനായി തെരുവിലിറങ്ങുകയും, ഏതോ ധനികഗൃഹത്തിൽ നിന്ന് മോഷണം നടത്തിവരുന്ന കള്ളനാണെന്ന് കരുതി പോലീസ് പിടികൂടുകയും ചെയ്ത കാൾമാർക്സ്, ഇല്ലാത്തവന്റെ വേദനകളെ ഹൃദയത്തിൽ തൊട്ടറിഞ്ഞവനായിരുന്നു. ബർലിൻ സർവകലാശാലയിൽ വിദ്യാർഥിയായിരിക്കെ, ഹോസ്റ്റൽ ഫീസടക്കാൻ അഛനയച്ചു കൊടുത്ത പണം പാവങ്ങൾക്ക് പങ്കുവെച്ച അനുതാപാർദ്രനായ മാർക്സിന്റെ ചിത്രവും, ചരിത്രം സൂക്ഷിച്ചുവെച്ചിട്ടുണ്ട്. അദ്ദേഹവും കൂട്ടരും രൂപം കൊടുത്ത ദർശനം പക്ഷേ, മുച്ചൂടും മനുഷ്യപ്രകൃതിക്ക് വിരുദ്ധമായിപ്പോയി.

സ്വന്തമായി സമ്പാദിക്കാനും സ്വകാര്യമായി അത് കൈവശം വെക്കാനുമുള്ള ജന്മസിദ്ധമായ മനുഷ്യകാമനയെ കമ്യൂണിസം നിരാകരിച്ചത് വിഡ്ഢിത്തമായിരുന്നു. കുഞ്ഞുങ്ങളെ നിരീക്ഷിക്കുന്ന ഒരാൾക്കു പോലും ബോധ്യമാകുന്ന ലളിത സത്യമാണ് തത്വചിന്തകർ കാണാതെ പോയത്. ടൈറ്റാനിക് ദുരന്തത്തിന്റെ വാർത്തകളിൽ ശ്രദ്ധേയനായ ഡഗ്ലസ് സ്വീഡൻ എന്ന കുട്ടിയെ ഓർമവരുന്നു. അറ്റ്ലാന്റിക് സമുദ്രത്തിന്റെ പതിമൂവായിരം അടി താഴ്ചയിലേക്ക് മുങ്ങിക്കൊണ്ടിരുന്ന കപ്പലിൽനിന്ന് ധൃതിയിൽ യാത്രികരെ ലൈഫ് ബോട്ടുകളിലേക്ക് മാറ്റുമ്പോഴും, അവൻ കപ്പലിൽ നിന്നിറങ്ങാതെ വാശിപിടിച്ച് കരഞ്ഞുകൊണ്ടിരുന്നത്, സ്വന്തം പാവക്കുട്ടിയെ ചൊല്ലിയായിരുന്നു! ചിലത് സ്വന്തമാക്കാനും സ്വന്തമായത് സൂക്ഷിച്ചുവെക്കാനുമുള്ള മനുഷ്യപ്രകൃതി തടുത്ത് നിർത്താനാവാത്തതുതന്നെയാണ്.

കമ്യൂണിസ്റ്റ് ആചാര്യന്മാർ ഭൗതികവാദത്തിന്റെ മുഴക്കോലു കൊണ്ട് മനുഷ്യനെയും പ്രപഞ്ചത്തെയും ചരിത്രത്തെയും അളന്നപ്പോൾ കുരുടൻ ആനയെ കണ്ട പോലായി അനുഭവം. എല്ലാ ധാർമിക, സദാചാര മൂല്യങ്ങളെയും പിന്തിരിപ്പനായി മുദ്രകുത്തിയവർ സമ്പത്ത് പൂർണമായും സ്റ്റേറ്റിന്റേതാണെന്ന് പ്രഖ്യാപിച്ചു. വ്യക്തിയുടെ ഉടമാവകാശത്തെ അഥവാ മനുഷ്യ പ്രകൃതിയെ നിഷേധിച്ചു. ചരിത്രത്തെ വർഗസംഘട്ടനമാക്കി ചിത്രീകരിച്ചവർ, സഹകരണമെന്ന പ്രപഞ്ചഭാവത്തെ മറന്നു. വൈവിധ്യങ്ങളെയെല്ലാം വൈരുധ്യങ്ങളായി വ്യാഖ്യാനിച്ചു. വർഗ സംഘർഷങ്ങളിലൂടെ ഒടുവിലൊടുവിൽ, ഒരു വർഗരഹിത കമ്യൂൺ രൂപം കൊള്ളുമെന്ന് പ്രത്യാശിച്ചു. അവിടെ സമത്വം പുലരുമെന്നും ചൂഷണങ്ങളില്ലാതാകുമെന്നും വ്യാമോഹിച്ചു.

## അനുഭവങ്ങൾ

കമ്യൂണിസ്റ്റ് നാടുകളുടെ കുതിപ്പ് ക്ഷണികമായിരുന്നു. ഉൽപാദനരംഗം പെട്ടെന്ന് തകർന്നു. നാൽപതുകളുടെ തുടക്കത്തിൽ തന്നെ ആയിരക്കണക്കായ ജനം, റഷ്യയിൽ പട്ടിണി മരണം വരിച്ചു. ‘സമത്വം’ എന്ന മോഹനാവേശം ഇടത് സ്വർഗങ്ങളിൽ തിരോഭവിച്ചു. ജോർജ് ഓർവെൽ നിരീക്ഷിച്ചപോലെ ‘എല്ലാവരും തുല്യർ, എന്നാൽ ചിലർ കൂടുതൽ തുല്യർ’ എന്നായി അവിടങ്ങളിലെ അനുഭവം. അധികാരം കേന്ദ്രീകരിക്കപ്പെട്ടു. പാർട്ടി നേതാക്കൾ സ്വേഛാധിപതികളെപ്പോലെ പെരുമാറി. എതിർ ശബ്ദങ്ങൾ നിഷ്ഠുരം അടിച്ചമർത്തപ്പെട്ടു. സോൾഷെനിത്സനെയും പാസ്റ്റർനകി

നെയും പോലുള്ള എഴുത്തുകാർ പീഡിപ്പിക്കപ്പെടുകയോ നാട് കടത്തപ്പെടുകയോ ചെയ്തു.

ഹിറ്റ്ലറെപ്പോലെ ഒരു സ്റ്റാലിനെയും ലോകം കണ്ടു. ജനങ്ങളിൽ നാലിൽ ഒരാൾ കമ്യൂണിസ്റ്റുകളാകുമെങ്കിൽ നാലിൽ മൂന്നു പേരെയും കൊന്നൊടുക്കുന്നതിൽ തെറ്റില്ലെന്ന് മാക്സിം ഗോർക്കിക്ക് കത്തെഴുതിയ ലെനിന്റെ ലക്ഷണമൊത്ത പിൻഗാമിയായിരുന്നു അയാൾ. 'സ്റ്റാലിൻ' എന്ന വാക്കിന് 'ഉരുക്കു മനുഷ്യൻ' എന്നാണർഥം. മനുഷ്യത്വത്തിന്റെ മണമോ ഗുണമോ ഇല്ലാതിരുന്ന ഈ ഉരുക്കിന്റെ ചുറ്റുമാണ് 1924 മുതൽ 1953 വരെ ലോക രാഷ്ട്രീയം കറങ്ങിത്തിരിഞ്ഞത്! എതിർക്കുന്നവരെ ജനശത്രു, വിമതൻ, തിരുത്തൽവാദി എന്നിങ്ങനെ വിരട്ടി ഉന്മൂലനം ചെയ്തിരുന്ന സ്റ്റാലിൻശൈലി ഇന്നും ഇടത് സംഘങ്ങളിൽ പ്രകീർത്തിക്കപ്പെടുന്നു!

ഏകാധിപത്യ പ്രവണതകളും അധികാരരതിയും കമ്യൂണിസ്റ്റ് നേതാക്കളെ നശിപ്പിച്ചു. ഫ്യൂഡൽ മാടമ്പിമാർക്കെതിരെ രംഗത്തുവന്നവർ സാർ ചക്രവർത്തിമാരെപ്പോലെ ജീവിച്ചു! ഇത്തരം അർബുദങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള മിനിമം ആത്മീയത പോലും കമ്യൂണിസത്തിലില്ലായിരുന്നു. കേരളത്തിലെ തലമുതിർന്ന ഒരു ഇടത് പത്രപ്രവർത്തകൻ, തന്റെ ആത്മകഥയിൽ എഴുതിയ മുൻ യൂഗോസ്ലാവ്യൻ പ്രസിഡന്റും കമ്യൂണിസ്റ്റ് നേതാവുമായിരുന്ന മാർഷൽ ടിറ്റോവിനെക്കുറിച്ചുള്ള കുറിപ്പുകൾ ഇതിനടിവരയിടുന്നു. പാവങ്ങളുടെ വിമോചനത്തിന് പുറപ്പെട്ട ഒരു പ്രസ്ഥാനത്തിന്റെ സാരഥി നയിച്ച മുതലാളിത്ത ജീവിതത്തിന്റെ നേർക്കാഴ്ചയാണത് (ബർലിൻകുഞ്ഞനന്തൻ നായരുടെ *പൊളിച്ചെഴുത്തി*ലെ 45-ാം അധ്യായം). ജനശാപവും തിരിച്ചടിയുമേറ്റുവാങ്ങിയ മറ്റൊരു കമ്യൂണിസ്റ്റ് 'രാജാവാ'ണ് റുമാനിയൻ പ്രസിഡന്റായിരുന്ന നിക്കോളെ ചെഷസ്ക്യൂ. കുപ്രസിദ്ധമായ 'സെക്യൂരിറ്റേറ്റ്' എന്ന രഹസ്യപ്പോലീസിനെ ഉപയോഗിച്ച് സ്വന്തം ജനതയെ പേടിപ്പിച്ചും പൊറുതിമുട്ടിച്ചും ഇയാൾ ഭരിച്ചത് നീണ്ട 22 കൊല്ലം. ഭരണകൂടത്തിന്റെ കേന്ദ്രസ്ഥാനങ്ങളിലൊക്കെ സ്വന്തക്കാരെ തിരുകിയിരുത്തിയ ഈ ഏകാധിപതി, ഭാര്യ എലേനയെത്തന്നെ ഉപപ്രധാനമന്ത്രിയുമാക്കി. സിംഹാസനങ്ങൾ, സ്വർണപാദുകങ്ങൾ, സുഖവാസ കേന്ദ്രങ്ങൾ, കൊട്ടാരങ്ങൾ, ആഡംബര കാറുകൾ... ഒടുവിൽ ജനകീയ കലാപത്തെത്തുടർന്ന് ഭാര്യയോടൊപ്പം ഒളിച്ചോടിയ ഇയാളെ ജനം പിടികൂടി ശിക്ഷിക്കുകതന്നെ ചെയ്തു. 1989-ലെ ക്രിസ്മസ് ദിനം തൂക്കിലേറ്റപ്പെട്ട ചെഷസ്ക്യൂവിനെ ചെരിപ്പൂരിത്തല്ലുന്ന പൗരന്മാരുടെ ചിത്രം ലോകം കണ്ടു!

"അല്ലാഹുവോടുള്ള കരാർ ഉറപ്പിച്ച ശേഷം ലംഘിക്കുകയും അവൻ കൂട്ടിയിണക്കാൻ കൽപിച്ചതിനെ അറുത്തു മാറ്റുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവർക്ക് ശാപം. അവർക്കുണ്ടാവുക ഏറ്റവും ചീത്തയായ പാർപ്പിടമത്രെ" (ഖുർആൻ 13:25).

### നവ മുതലാളിത്തം

പഴയ വ്യവസായ മുതലാളിത്തത്തേക്കാൾ പതിന്മടങ്ങ് ഭീകരവും മാരകവുമാണ് പുതിയ സാമ്രാജ്യത്വ മുതലാളിത്തം. ആഗോള വ്യാപകമായ സാംസ്കാരികാധിനിവേശത്തോടൊപ്പം അതിർത്തികൾ ലംഘിച്ചും ആയുധങ്ങൾ നിർബാധം പ്രയോഗിച്ചും അന്തർദേശീയ മര്യാദകൾ മറികടന്നും രാജ്യാന്തര നിയമങ്ങൾ കാറ്റിൽ പറത്തിയും അന്യദേശങ്ങളിൽ കടന്നുകയറി താണ്ഡവമാടുന്ന താന്തോന്നിത്തമാണത്. പ്രത്യയശാസ്ത്ര വിശദീകരണങ്ങളൊന്നുമവകാശപ്പെടാനില്ലാത്ത ശുദ്ധ ചട്ടമ്പിത്തരം. "അധികാരം ലഭിച്ചാൽ അവൻ ശ്രമിക്കുക ഭൂമിയിൽ കുഴപ്പമുണ്ടാക്കാനും കൃഷിനാശം വരുത്താനുമത്രെ മനുഷ്യകുലത്തെ നശിപ്പിക്കാനും" (ഖുർആൻ 2:205). കഴിഞ്ഞ എട്ടു വർഷമായി ജോർജ് ബുഷ് പശ്ചിമേഷ്യയിൽ ചെയ്തുകൂട്ടുന്ന കിരാത വൃത്തികളാണ് ഈ ദൈവിക സൂക്തത്തിന്റെ സമകാലിക വ്യാഖ്യാനം. യു.എൻ കണക്കുകൾ പ്രകാരം ഇറാഖിൽ ഇതിനകം കുരുതി കഴിക്കപ്പെട്ട മനുഷ്യമക്കളുടെ എണ്ണം 12 ലക്ഷമാണ്! അന്യനാടുകളിലലയുന്ന ഇറാഖീ അഭയാർഥികൾ 40 ലക്ഷം! ജന്മനാട്ടിൽ അഭയം നഷ്ടപ്പെട്ടവർ 25 ലക്ഷം! ഒരു കോടിയിലധികം പേർ വൈദ്യുതിയും ജീവൻ രക്ഷാ ഔഷധങ്ങളുമടക്കം നിഷേധിക്കപ്പെട്ട് നരകിക്കുന്നു! സാമ്രാജ്യത്വ-സയണിസ്റ്റ് ഭീകരതയാൽ ഫലസ്ത്വീനിലെ ഗസ്സ മരണവക്ത്രത്തിൽ കിടന്നു പിടയുന്നു! അബൂഗുറൈബുകളും ഗ്വാണ്ടനാമോകളും കേട്ടുകേൾവിയില്ലാത്ത മനുഷ്യപീഡനങ്ങളുടെ തുടർക്കഥകൾ രചിക്കുന്നു! അഹ്മദീ നിജാദ് ചൂണ്ടിക്കാട്ടിയതുപോലെ, ചരിത്ര നിയമപ്രകാരം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അന്ത്യത്തിന്റെ ആരവമാണിതെന്ന് കരുതാൻ തക്ക ന്യായങ്ങളുണ്ട്.

### ദൈവികദർശനം, മാതൃക

ദൈവികദർശനം ചരിത്രത്തിലെ സമാന്തര പാതയാണ്. അത് നിർവചിച്ചുറപ്പിക്കുകയും നിർമിച്ചെടുക്കുകയും ചെയ്ത മനുഷ്യ മാതൃകയേതാണ്? മനുഷ്യൻ, മൃഗമോ മാലാഖയോ ദൈവമോ പിശാചോ അല്ലെന്നും, തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യവും വിചാരശേഷിയും നൽകപ്പെട്ട ഖലീഫ (ദൈവപ്രതിനിധി) യാണെന്നുമത്രെ അതിന്റെ നിലപാട്. ദൈവപ്രാതിനിധ്യ (ഖിലാഫത്ത്)മാണ് ഭൂമിയിലെ മനുഷ്യനിയോഗമെന്നുണർത്തിയ പ്രവാചകന്മാർ, മൂല്യബോധമുള്ള പൗരനെ ചരിത്രത്തിന് സമർപ്പിക്കുകയാണ് ചെയ്തത്. മൂല്യങ്ങളിൽ പ്രധാനം വിശ്വാസമായിരുന്നു. ഏകദൈവത്തിന്റെ പരമാധികാരത്തിലും പ്രവാചക പൈതൃകങ്ങളിലും മരണാനന്തര ജീവിതത്തിലുമുള്ള ബോധ്യമായിരുന്നു അതിന്റെ കാതൽ. സ്രഷ്ടാവിന്റെ ഉത്കൃഷ്ട നിയമങ്ങളനുസരിച്ചും വിശിഷ്ട ഗുണങ്ങളനുകരിച്ചും ഇഹത്തിലും പരത്തിലും, മതത്തിലും ശാസ്ത്രത്തിലും സന്തുലിതമായി പുരോഗമിക്കുന്ന ആദരണീയ സൃഷ്ടിയാണ് ദൈവികദർശനത്തിലെ മനുഷ്യൻ. ഖുർആനിൽ മനുഷ്യപദവിയെ പരിചയപ്പെടുത്തിയ ഉൽപത്തികഥയുടെ ആദ്യവിവരണത്തിൽതന്നെ, അവൻ എവിടെയും എല്ലായ്പ്പോഴും പിന്തുടരേണ്ട സന്മാർഗ വെളിച്ചത്തെ (ഹുദാ) പറ്റിയും പരാമർശിച്ചത് ശ്രദ്ധേയമാണ് (ഖുർആൻ 2:30-39). കലയിലും സാഹിത്യത്തിലും ശാസ്ത്രത്തിലുമടക്കം സമസ്ത മേഖലകളിലും ഈ ഹുദയാൽ നയിക്കപ്പെടുമ്പോഴത്രെ മനുഷ്യനാർജിച്ചെടുത്ത നേട്ടങ്ങളും കണ്ടെത്തലുകളും ഉപകാരപ്രദമാകുന്നത്. അല്ലെങ്കിൽ അവയത്രയും സംഹാരാത്മകമായിത്തീരും. ഹിരോഷിമയിലും നാഗസാക്കിയിലും വിയറ്റ്നാമിലും കൂടി എഴുപത്തയ്യായിരം ടൺ ബോംബ് വീണ് തീഗോളങ്ങളുയർന്നപ്പോൾ, ഈ സംഹാരാത്മകതയാണ് ലോകം കണ്ടത്.

ദൈവികദർശനം സൃഷ്ടിച്ച മൂല്യബോധമുള്ള വ്യക്തി ചരിത്രത്തിൽ സന്തുഷ്ടകുടുംബങ്ങൾക്ക് രൂപം നൽകി. വലിയവർക്ക് വേണ്ടത്ര പരിഗണനയും ചെറിയവർക്ക് വേണ്ടത്ര പരിലാളനയും കിട്ടുന്ന ഭദ്രവും സുന്ദരവുമായ കുടുംബങ്ങൾ. അത്തരം കുടുംബങ്ങളുടെ കൂട്ടായ്മയിൽ പൂവിടരും പോലെ സമാധാന

പൂർണമായ സമൂഹങ്ങളുണ്ടായി. ആ സമൂഹങ്ങളുടെ സമുച്ചയമായി ക്ഷേമസമ്പുഷ്ടമായ രാഷ്ട്രങ്ങൾ പിറവി കൊണ്ടു. ലോകത്തെ വലിയൊരു ഭാഗത്തോളം അത് വികസിച്ചു. സ്പെയ്ൻ മുതൽ മംഗോളിയ വരെ എത്ര പെട്ടെന്നാണത് വളർന്നത്. അവിടെ അബൂബക്കറിനെയും ഉമറിനെയും പോലുള്ള ഭരണസാരഥികളുണ്ടാവുകയും പ്രവാചക മാതൃകയിലുള്ള പ്രാതിനിധ്യ ഭരണക്രമം (ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ) നിലവിൽ വരികയും ചെയ്തു. അയലത്തെ പാവങ്ങളുടെ ആടുമാടുകളെ പ്രതിഫലം പറ്റാതെ കറന്നുകൊടുക്കുന്ന പ്രഥമ പൗരനും, രാജ്യത്തെ ഒരു സാധാരണ പൗരയുടെ പ്രസവ ശുശ്രൂഷ ചെയ്യുന്ന പ്രഥമ വനിതയും, ഭരണാധികാരിയെ ആർജവത്തോടെ ചോദ്യം ചെയ്യുന്ന പ്രജയും, സ്വപുത്രനെതിരെ വിധി നടത്തി ജയിലിലടക്കുന്ന ന്യായാധിപനും, ജനങ്ങൾക്ക് വിളക്കുമാടമായി ത്തീരുന്ന പണ്ഡിതനും ആ രാഷ്ട്രസംവിധാനത്തിന്റെ സൗന്ദര്യമായി ചരിത്രത്തിൽ നിറഞ്ഞു.

### ദൈവികദർശനവും ഭൗതികദർശനങ്ങളും

ദൈവികദർശനം മൂല്യബോധമുള്ള മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, ഭൗതികവാദങ്ങൾ മൂല്യനിഷേധിയും സുഖഭോഗാസക്തനും അധികാരക്കൊതിയനുമായ മനുഷ്യനെ സൃഷ്ടിച്ചു. തന്റെ മൃതശരീരമെടുക്കുമ്പോൾ കൈകൾ രണ്ടും ശവമഞ്ചത്തിന്റെ ഇരുപുറങ്ങളിലേക്കും തുറന്നിടണമെന്നും, ലോകം കീഴടക്കാൻ ശ്രമിച്ച താൻ യാതൊന്നും കൊണ്ടുപോകുന്നില്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണമെന്നും ശട്ടം കെട്ടിയ മാസിഡോണിയയിലെ അലക്സാണ്ടറുടെ പേരമക്കൾ, പക്ഷേ മുത്തഛനിൽനിന്ന് പാഠമൊന്നും പഠിച്ചില്ല. അധിനിവേശങ്ങളും വെട്ടിപ്പിടുത്തങ്ങളും സാമ്രാജ്യത്വവഞ്ചനകളും കൊണ്ട് ചരിത്രം വീണ്ടും മലിനമായി. ദൈവികദർശനം സന്തുഷ്ട കുടുംബങ്ങളെ സൃഷ്ടിച്ചപ്പോൾ ഭൗതികവാദങ്ങൾ കുടുംബമെന്ന പ്രാചീന സ്ഥാപനത്തിന്റെ അടിക്കല്ലിളക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. സദാചാര മര്യാദകളുടെ അതിർവരമ്പുകളെ തകർത്തെറിഞ്ഞ ഭൗതിക നാഗരികത, തുറന്ന ലൈംഗികതയുടെ അരാജകത്വത്തെ ആഘോഷമാക്കി മാറ്റി. സിഫിലിസും ഗൊണേറിയയും മുതൽ എയിഡ്സും എബോളയും വരെ വമ്പൻ തിരിച്ചടികളേറ്റിട്ടും അവയൊന്നും തിരിച്ചറിവുകളായി രൂപാന്തരപ്പെട്ടില്ല. ദൈവികദർശനം ശാന്തിയും ക്ഷേമവും നീതിയും നിറഞ്ഞ രാഷ്ട്രങ്ങൾ കെട്ടിപ്പടുത്തപ്പോൾ സകാത്ത് വാങ്ങാൻ ദരിദ്രരെ കാണാനില്ലാത്ത അവസ്ഥ സംജാതമായി. ഭൗതികവാദ ഭരണകൂടങ്ങൾ മാറി മാറി പരീക്ഷിച്ച നാടുകളിൽ പട്ടിണി മാത്രം മാറാതെ നിന്നു. വിഭവവിതരണത്തിലെ കടുത്ത അനീതി, എൺപതു ശതമാനം വരുമാനവും പത്തു ശതമാനത്തിന്റെ കരങ്ങളിലേക്കെത്തിച്ചു. ഇന്നും പ്രതിദിനം ഇരുപത്തയ്യായിരം പേർ പട്ടിണിയാലും പോഷകാഹാരക്കുറവിനാലും തജ്ജന്യമായ രോഗങ്ങളാലും മരിച്ചുതീരുന്നു! 2001-ലെ സെൻസസ് പ്രകാരം ഒരു ഡോളർ പോലും വരുമാനമില്ലാത്ത കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന 110 കോടി മനുഷ്യരുണ്ട് ലോകത്ത്. ന്യായവിലയ്ക്ക് നിത്യോപയോഗ വസ്തുക്കളും ധാന്യങ്ങളും കിട്ടാതെ, ജനം ആയുധമെടുത്ത് തെരുവിൽ പട്ടാളത്തോടേറ്റുമുട്ടി പിടഞ്ഞുവീഴുന്ന കാലം! ഭക്ഷ്യപ്രതിസന്ധിയെ പറ്റി, റോമിൽ ചേർന്ന 180 രാജ്യങ്ങളുടെ ഉച്ചകോടിയും ഒച്ചവെച്ച് പിരിഞ്ഞതായാണ് വിവരം.

സർവോപരി, ദൈവികദർശനം തത്ത്വത്തിലും പ്രയോഗത്തിലും മനുഷ്യരെ ഒന്നിപ്പിച്ചു. ഭൗതികതയും പൗരോഹിത്യവും മനുഷ്യരെ ഭിന്നിപ്പിച്ചു. വെളുത്തവനും കറുത്തവനും ചുവന്നവനും തവിട്ടു നിറമുള്ളവനും ധനികനും ദരിദ്രനും അറബിയും അനറബിയും പണ്ഡിതനും പാമരനും പ്രവാചകന്റെ പിന്നിൽ ഭേദചിന്തയില്ലാതെ ഒന്നായി. ആ 'ഇമ്മിണി ബല്യ ഒന്ന്' ചരിത്രം ദർശിച്ച ഏറ്റവും ചാരുതയാർന്ന ദൃശ്യമായിരുന്നു. ഇന്നും (വിശ്വാസികളുടെ സർവാപചയങ്ങൾക്കുമിടയിലും) ഹജ്ജ് വേളയിൽ മക്കയിലെ അറഫാമുറ്റത്ത് രൂപം കൊള്ളുന്ന 'പ്രതീകാത്മക ഏകലോകം' ആരെയാണ് പുളകം കൊള്ളിക്കാത്തത്? ഭൗതികവാദ സ്വർഗങ്ങളിലെവിടെയെങ്കിലും മനുഷ്യർക്കിടയിലെ മതിലുകളുടയുന്ന ഇത്തരം വല്ല കാഴ്ചയുമുണ്ടോ? വർഗീകരണത്തെ പ്രത്യയശാസ്ത്രമൂലകമായി കാണുന്ന കമ്യൂണിസ്റ്റുകൾക്ക് വൈവിധ്യങ്ങളുടെ കലവറയായ മനുഷ്യവർഗത്തെ ഏകീകരിക്കാനാവില്ലെന്നത് സ്വാഭാവികം. 'സർവ രാജ്യ തൊഴിലാളികളേ' എന്ന വിഭാഗീയ സംബോധനക്കു പകരം 'മനുഷ്യ മക്കളേ' എന്ന് വിളിക്കാനുള്ള വിശാലത അതിന്റെ ജാതകത്തിലില്ല. പ്രയോഗിച്ചു നോക്കിയ സമൂഹങ്ങളിലാകട്ടെ, ജനത വീണ്ടും ഭിന്നിക്കുന്നതാണ് ലോകം കണ്ടത്.കറുത്ത മക്കൾക്ക് പ്രാഥമിക മനുഷ്യാവകാശങ്ങൾ പോലും തടയപ്പെടുന്ന മുതലാളിത്ത സ്വർഗങ്ങളിൽ മാനവ മഹത്ത്വവും സമത്വവുമൊക്കെ വെറും പെരുമ്പറ മാത്രം. ബോക്സിംഗ് റിംഗുകളിൽ അമേരിക്കയുടെ കായികാഭിമാനം വാനോളമുയർത്തിയ കാഷ്യസ് ക്ലേ എന്ന കറുത്ത മുത്തിന്, തന്റെ മെഡലുകളെല്ലാം ഓഹിയോ നദിയിലേക്ക് എറിഞ്ഞു കളയേണ്ടിവന്നത് എന്തുകൊണ്ടാണ്? പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ പ്രചാരണയുദ്ധത്തിൽ മുന്നേറുമ്പോൾ പോലും ബറാക് ഒബാമക്ക് വെള്ളക്കാരനേക്കാൾ വലിയ വെള്ളക്കാരനായി ചമയേണ്ടിവരുന്നത് എന്തുകൊണ്ടാണ്? 1963 ആഗസ്റ്റ് 28-ന് കറുത്തവരുടെ നേതാവായ മാർട്ടിൻ ലൂഥർ കിംഗിന് 3 ലക്ഷം അനുയായികളുമായി വാഷിംഗ്ടണിലേക്ക് മാർച്ച് നടത്തേണ്ടിവന്നതെന്തുകൊണ്ടാണ്?........... അന്ന്, ലിങ്കൺ മെമ്മോറിയലിൽ വെച്ച് അദ്ദേഹം നടത്തിയ ലോക വിഖ്യാതമായ പ്രസംഗത്തിന്റെ ശീർഷകം 'I have a dream' (എനിക്കൊരു സ്വപ്നമുണ്ട്) എന്നായിരുന്നു. അതിൽ, വികാര നിർഭരനായി കറുത്തവരുടെ നായകൻ പറഞ്ഞു: "എനിക്കൊരു സ്വപ്നമുണ്ട്. എന്റെ നാലു കുട്ടികൾ അവരുടെ തൊലിയുടെ നിറം കൊണ്ടല്ലാതെ, സ്വഭാവത്തിന്റെ വൈശിഷ്ട്യം കൊണ്ട് വിലയിരുത്തപ്പെടുന്ന ഒരു സുദിനം എന്റെ രാജ്യത്ത് വന്നു ചേരും...." പക്ഷേ, ഇടത് വലത് സ്വർഗങ്ങളിൽ ഇത്തരം മാനവികതയുടെ പൊൻകിനാക്കൾ പൂക്കുകയോ തളിർക്കുകയോ ചെയ്യില്ലെന്ന്, ആർക്കാണ് ഇന്നറിഞ്ഞുകൂടാത്തത്? ■